(ബി) 2004-2005 അദ്ധ്യയനവർഷം എയ്ഡഡ് സ്കൂളുകളിൽ ഉണ്ടായ എച്ച്. എസ്. എ./ യു. പി. എസ്. എ. ഒഴിവുകളിലേക്ക് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കാത്തതുകൊണ്ട് ഡി. ഇ. ഒ.-മാർ അപ്രൂവ് ചെയ്യാത്ത നിയമനങ്ങൾക്ക് ഒന്നിനും തന്നെ അപ്പീലിൻമേൽ അംഗീകാരം നൽകിയിട്ടില്ല.

(സി) ടി സംഗതിക്കായി നേരിട്ട് അപേക്ഷകൾ ലഭിക്കുകയോ നിയമനം അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

(ഡി) പിരിവ് 'ബി'-ക്ക് നൽകിയിരിക്കുന്ന ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) ബാധകമല്ല.

ഹയർ സെക്കന്ററി സ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ

139 [722] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഹയർ സെക്കന്ററി സ്കൂൾ പോലും ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു പഞ്ചായത്തിൽ ഒരു ഹയർ സെക്കന്ററി. സ്കൂൾ എങ്കിലും ഉണ്ടെന്ന് ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഒരു ഹയർ സെക്കന്ററി സ്കൂൾ പോലും ഇല്ലാത്ത ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പയ്യാവൂർ പഞ്ചായത്തിലെ പയ്യാവൂർ സേക്രട്ട് ഹാർട്ട് ഹൈസ്ക്കൂളിനോടനുബന്ധിച്ച് എയിഡഡ് മേഖലയിൽ പ്ലസ് ടു അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു ഹയർ സെക്കന്ററി സ്കൂൾ പോലും ഇല്ലാത്ത 272 പഞ്ചായത്തുകൾ ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നുണ്ട്.

(സി) എയിഡഡ് മേഖലയിൽ പുതുതായി പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly